**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5012** **11-08-2021 - ൽ മറുപടിയ്ക്ക്**

**അംഗനവാടി ജീവനക്കാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അംഗനവാടി ജീവനക്കാരുടെ വേതനം വളരെ തുച്ഛമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അംഗൻവാടി പ്രവർത്തകർക്ക് കേന്ദ്ര സർക്കാർ 60:40 അനുപാതത്തിൽ ഓണറേറിയം നൽകി വരുന്നുണ്ട്. അതു കൂടാതെ, സംസ്ഥാന വിഹിതവും തദ്ദേശസ്വയം ഭരണ വകുപ്പ് വിഹിതവും ഇതിൽ ഉൾപ്പെടുന്നുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകുന്ന വേതന നിരക്കിൽ അംഗനവാടി ജീവനക്കാരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; | (ബി) | അംഗൻവാടി പ്രവർത്തകർ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരാണ്. അവരെ സർക്കാർ ജീവനക്കാരായി കണക്കാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വേതനം നൽകുവാൻ സാധ്യമല്ല. |
| (സി) | അംഗനവാടി ജീവനക്കാർ ജോലിയിൽ നിന്ന് വിരമിച്ചാൽ ലഭിക്കുന്ന ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യക്ഷേമ പെൻഷൻ കൂടി ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; | (സി) | പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആരോഗ്യ പ്രവർത്തകരെ സഹായിക്കുന്ന അംഗനവാടി ജീവനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും ചികിൽസാ പദ്ധതി ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാമോ? | (ഡി) | പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വിഭാഗം | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം | | | സംസ്ഥാന വിഹിതം (രൂപയിൽ) | തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം (രൂപയിൽ) | ആകെ (രൂപയിൽ) |
|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം 60% (രൂപയിൽ) | സംസ്ഥാന വിഹിതം 40% (രൂപയിൽ) | ആകെ (രൂപയിൽ) | | | |
| അംഗൻവാടി വർക്കർ | 2,700 | 1,800 | 4,500 | 5,300 | 2,020 | 12,000 |
| മിനി അംഗൻവാടി വർക്കർ | 2,100 | 1,400 | 3,500 | 5,300 | 2,200 | 11,000 |
| അംഗൻവാടി ഹെൽപ്പർ | 1,350 | 900 | 2,250 | 4,300 | 1,450 | 8,000 |